ശബരിമല തീർത്ഥാടകരുടെ യാത്രാക്കുരിയിൽ ഇളവുവരുത്തുന്നതിനുള്ള നടപടി

256(548) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന പുണ്യസങ്കേതമായ ശബരിമലയിലേക്കുള്ള തീർത്ഥാടകർക്ക് യാത്രാകുരിയിൽ ഇളവുവരുത്താൻ കെ.എസ്.ആർ.ടി.സി.-യോട് ആവശ്യപ്പെടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ ദേവസ്വം ബോർഡ് സ്വീകരിച്ചു;

(ബി) ഇക്കാര്യത്തിൽ കെ.എസ്.ആർ.ടി.സി. അധികൃതരുമായി ആശയ വിനിമയം നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ ഉടൻ ചർച്ച നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) തീർത്ഥാടകരുടെ വാഹന പാർക്കിംഗിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിലുള്ള സർവ്വീസുകൾക്കുള്ള സാധാരണ നിരക്കാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. ശബരിമലയിലേക്കുള്ള സർവ്വീസിനും ഈടാക്കി വരുന്നത്. ഡീസൽ, ലൂബ്രിക്കന്റ്സ്, സ്പെയർപാർട്ട്സ് എന്നിവയുടെ വില വർദ്ധനവും ജീവനക്കാരുടെ വേതനവും മറ്റുഘടകങ്ങളും പരിഗണിക്കുമ്പോൾ, നില വിലുള്ള നിരക്കിൽ കുറവുവരുത്തിയാൽ കെ.എസ്.ആർ.ടി.സി.-ക്ക് ഭീമമായ നഷ്ടമുണ്ടാകുമെന്ന സാഹചര്യത്തിൽ യാത്രക്കുരിയിൽ ഇളവു വരുത്താൻ കഴിയുകയില്ല എന്ന് കെ.എസ്.ആർ.ടി.സി. അറിയിച്ചിട്ടുണ്ട് ഇക്കാര്യത്തിൽ പരാതികൾ ലഭിച്ചിട്ടില്ലാത്തതിനാൽ ചർച്ച നടത്താൻ തീരുമാനിച്ചിട്ടില്ല.

(സി) ഘട്ടംഘട്ടമായി കൂടുതൽ പാർക്കിംഗ് സൗകര്യങ്ങൾ നിലയ്ക്കലും പമ്പയിലും ദേവസ്വം ബോർഡ് ഏർപ്പെടുത്തി വരുന്നു.

ശബരിമലയിലെ മാലിന്യനിർമാർജ്ജനം

257(549) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ ഭക്തലക്ഷങ്ങളുടെ പ്രവാഹം പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കാതിരിക്കാൻ സർക്കാർ ദീർഘകാലാടി സ്ഥാനത്തിലുള്ള ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പമ്പ മുതൽ സന്നിധാനം വരെയുള്ള പാതയിൽ നിർമ്മിച്ച കോൺക്രീറ്റ് പടികളും കരിങ്കല്ലുകളും തകർന്നും തെയ്മാനം സംഭവിച്ചും ഭക്തജനങ്ങൾക്ക് യാത്രചെയ്യാനുള്ള ബുദ്ധിമുട്ട് ഉണ്ടായത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പമ്പ മുതൽ സന്നിധാനം വരെയുള്ള തീർത്ഥാടന പാതയുടെ ഇരുവശങ്ങളിലും ഉള്ള മാലിന്യങ്ങൾ സമയബന്ധിതമായി നീക്കംചെയ്യാൻ നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ഡി) പമ്പ മുതൽ സന്നിധാനം വരെയുള്ള തീർത്ഥാടന പാതയിൽ ആവശ്യമായ ശുദ്ധജലം ലഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശബരിമലയിലും പമ്പയിലും ശുചീകരണ പ്രവർത്തനങ്ങൾ ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ സീസൺ കാലത്തുടനീളം കാര്യക്ഷമമായി നടന്നുവരുന്നു. ഭക്തജനങ്ങൾക്ക് പ്രഥമികാവശ്യങ്ങൾ നിറവേറ്റാൻ കക്കൂസുകളും ടോയ്ലെറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് കൊണ്ടു വരുന്നതിനെതിരെ വ്യാപകമായ പ്രചരണപരിപാടികൾ നടത്തിയിട്ടുണ്ട്. ശബരിമലയിലും പമ്പയിലും നിലവിലുള്ള സീവേജ് ട്രീറ്റ്മെന്റ് പുതിയവ സ്ഥാപിക്കുന്നതിനും പ്ലാന്റുകളുടെ ഇൻസിനറേറ്ററുകളുടേയും കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ബോർഡുതലത്തിൽ ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി പരിശോധിച്ചുവരുന്നു. കുപ്പികൾ നീക്കംചെയ്യണമെന്ന വ്യവസ്ഥയിൽ പമ്പയിലും ശബരിമലയിലും Packaged drinking water വിൽപന നടത്തുന്നതിനുള്ള കുത്തക ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പാ കർമ്മ പദ്ധതിയുടെ ഭാഗമായി പമ്പയിൽ മാലിന്യ സംഭരണ ടാങ്കുകൾ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, സീവർ ലൈനുകൾ എന്നിവ സ്ഥാപിക്കാനുള്ള പ്രവൃത്തികൾക്ക് രൂപം നൽകിയിട്ടുള്ളതും, ശബരിമലയിലും പമ്പയിലും യഥാക്രമം 5 എം.എൽ.ഡി.-യും 1.5 എം.എൽ.ഡി.-യും ശേഷിയുള്ള സംസ്കരണ പ്ലാന്റുകൾ പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി സ്ഥാപിക്കുവാൻ വാട്ടർ അതോറിറ്റി മുഖേന നടപടികൾ നടന്നുവരികയും ഇതിനായി സർക്കാർ 2912.24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

(ബി) ദേവസ്വം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. അപ്പാച്ചിമേട് ഭാഗത്ത് പാത വീതികൂട്ടി, കോൺക്രീറ്റ് ചെയ്ത പടികളും ബാരിക്കേഡുകളും ഇതിനോടകംതന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

(സി) ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ശുചീകരണ ജോലികൾ കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

(ഡി&ഇ) തീർത്ഥാടകർക്ക് ദേവസ്വം ബോർഡ് ചുക്കുവെള്ള വിതരണം നടത്തിവരുന്നുണ്ട്. തീർത്ഥാടന പാതയിൽ ഈ വർഷം പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധ ജലവിതരണം നടത്തുവാൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം ശരംകുത്തി മുതൽ നീലിമല താഴെവരെ 2800 മീറ്റർ ദൂരത്തിലും പമ്പ പോലീസ് ഡോർമെട്രി മുതൽ ചെറിയാനവട്ടം വരെയും പമ്പ മണൽപ്പുറം വരെയും 650 മീറ്റർ ദൂരത്തിലും പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിച്ച് ജലവിതരണം കൂടുതൽ സുഗമമാക്കാൻ സാധിച്ചു. പാണ്ടിത്താവളത്ത് 40 ലക്ഷം ലിറ്റർ ശേഷിയുള്ള പുതിയ ജലസംഭരണി ഈ വർഷം പൂർത്തിയാക്കി. ഇതിലേക്ക് 160 എം.എം. പി.വി.സി. പൈപ്പ് ലൈൻ 250 മീറ്റർ ദൂരത്തിൽ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം ജലസംഭരണ ശേഷി 105 ലക്ഷം ലിറ്ററിൽ നിന്ന് 145 ലക്ഷം ലിറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്. ജലവിതരണം തടസ്സപ്പെടാതിരിക്കാൻ സമാന്തര പമ്പിംഗ് മെയിൻ സ്ഥാപിക്കാൻ സർക്കാർ ഈ വർഷം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 2011 നവംബറോടുകൂടി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly